പുതുതായി അനുവദിച്ച പ്ലസ് ടു സ്കൂളുകളും ബാച്ചുകളും

80 (1135) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി പ്ലസ് ടു സ്കൂളുകളും ബാച്ചുകളും അനുവദിച്ചത് ശാസ്ത്രീയ പഠനത്തിന്റെയടിസ്ഥാനത്തിലാണോ ; എങ്കിൽ പഠനം നടത്തിയത് എപ്രകാരം ; വിശദവിവരം ലഭ്യമാക്കുമോ ;

(ബി) പുതുതായി അനുവദിച്ച പ്ലസ് ടു സ്കൂളുകളിലും ബാച്ചുകളിലും മൊത്തം എത്ര അദ്ധ്യാപക/അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചു ; പുതുതായി നിയമിക്കേണ്ടതായി വരുന്ന അദ്ധ്യാപകർ എത്ര ;

(സി) ഇതുമൂലം സർക്കാരിനുണ്ടാകുന്ന അധിക ബാധ്യത എത്രയായിരിക്കുമെന്ന കണക്കാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) സംസ്ഥാനത്ത് ഒന്നാംക്ലാസ് മുതൽ പത്താക്ലാസ് വരെ പഠിക്കുന്ന കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ, ഭാവിയിൽ പ്ലസ് ടു സ്കൂളുകളിൽ വിദ്യാർത്ഥികളെ കിട്ടാത്ത അവസ്ഥ സംജാതമാകുമെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) അല്ല. ഓരോ പ്രദേശത്തെയും വിദ്യാഭ്യാസ ആവശ്യകത തിട്ടപ്പെടുത്തിയ ശേഷമാണ് പുതുതായി പ്ലസ് ടു സ്കൂളുകളും അധിക ബാച്ചുകളും സർക്കാർ അനുവദിച്ചത്.

(ബി) പുതിയ സ്കൂളുകളിലേക്കും ബാച്ചുകളിലേക്കും വേണ്ടിവരുന്ന അദ്ധ്യാപക തസ്തികകൾ കണക്കാക്കിയിട്ടില്ല.

(സി) ഉത്തരം (ബി)-യുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) സംസ്ഥാനത്തെ നിലവിൽ പത്താംതരം യോഗ്യത നേടുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ കൈക്കൊണ്ട നയപരമായ തീരുമാനപ്രകാരമാണ് ഹയർ സെക്കണ്ടറി തലത്തിൽ പുതിയ സ്കൂളുകളും അധിക തസ്തികകളും അനുവദിച്ചിട്ടുള്ളത്. ഭാവിയിൽ പത്താംതരത്തിൽ യോഗ്യത നേടുന്നവരുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് പരിഗണിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly